II ഇ.ബി. XIV-കേരള നിയമസഭ /II-15

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഒക്ടോബർ 27, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

45 (*541) പൊതുമരാമത്ത് പ്രവൃത്തികൾ

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, കെ. എസ്. റ്റി. പി., എൻ.എച്ച്.എ.ഐ. എന്നിവ നടപ്പിലാക്കുന്ന പദ്ധതികൾ അടിസ്ഥാനം മുതൽ റോഡ് പുനർനിർമ്മിക്കുന്നവയാണെന്നും പൊതുമരാമത്ത് വകുപ്പിന് കീഴിൽ റോഡുകളുടെ ഉപരിതലം പുതുക്കുന്ന പ്രവൃത്തികളാണ് നടത്തുന്നതെന്നും രണ്ടിലും ചെലവ് വ്യത്യസ്തമാണെന്നും ആയതിനാൽ ഗുണമേന്മ താരതമ്യം ചെയ്യാനാവില്ലെന്നും സഭയെ അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന

റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനാണ് ഉപയോഗിക്കുന്നത്. ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുകയും വിവിധ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രവൃത്തികൾക്കുപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽപ്പെട്ട സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും നവീകരണവും ചെയ്തുവരുന്നു. റോഡുകളുടെ രണ്ടു വശങ്ങളിലുമുള്ള തടസ്സങ്ങൾ നീക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നടപ്പാക്കാനും പുനർനിർമ്മിക്കുകയും അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുന്ന റോഡുകൾക്ക് മൂന്ന് വർഷം കരാർ കാലാവധിയും നാലുവർഷം മെയിന്റനൻസും ഉൾപ്പെടുത്തി കരാർ നൽകുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നതെന്നും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിപ്പയർ & മെയിന്റനൻസ് വിംഗ് രൂപീകരിക്കുമെന്നും ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്നും

മന്ത്രി വ്യക്തമാക്കി. സംസ്ഥാന പാതയായി പ്രഖ്യാപിച്ച ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പുനർനിർമ്മാണവേളയിൽ കലുങ്കുകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും വിയപുരം-എടത്വാ റോഡ് നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടെന്നും അപകടകരമായ സർക്കാർവക കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണെന്നും മന്ത്രി അറിയിച്ചു. വൻകിട ജലസേചന പദ്ധതികൾക്കുമാത്രം റോഡുകൾ കുഴിക്കുന്നതിനും മറ്റ് കേബിൾ സംവിധാനങ്ങൾ ഡക്റ്റിൽ കൂടി ഇടുന്നതിനുമാണ് ആലോചിക്കുന്നത്. വലിയ ജലവിതരണ പൈപ്പുകൾ ഇടുന്നിടത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പാക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകൾ ഡിസൈൻ റോഡുകളാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. നാഷണൽ ഹൈവേ 60 ശതമാനം പൊസഷൻ ഉണ്ടെങ്കിൽ നിർമ്മിക്കാമെന്ന് തീരുമാനമായിട്ടുണ്ടെന്നും നാഷണൽ ഹൈവേയിലെ 5 ടോളുകൾ അവസാനിപ്പിച്ചിട്ടുണ്ടെന്നും നെടുമ്പാശ്ശേരി എയർപോർട്ട് റോഡിലെ 3 ടോളുകൾ ഒക്ടോബർ 31-ന് അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പാലിയേക്കര റോഡിലെ ടോൾ അവസാനിപ്പിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നുണ്ടെന്നും പൊൻകുന്നം-പുനലൂർ കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം, കാഞ്ഞിരപ്പള്ളി ബൈപ്പാസ് എന്നിവ സംബന്ധിച്ച് പരിശോധിച്ച്

നടപടി സ്വീകരിക്കുന്നതാണെന്നും 300 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും 1200 ഓവർസീയർമാരുടെയും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

46(*542) ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നിശ്ചയിച്ചതിലെ അപാകത

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭൂമിക്ക് ന്യായവില നിശ്ചയിച്ച് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടിക്ക് ഭൂമി വില നിശ്ചയിച്ചിരുന്നത് 1894-ലെ കേന്ദ്ര സ്ഥലമെടുപ്പ് ആക്ടും, 1990-ലെ കേരള സ്ഥലമെടുപ്പ് ചട്ടങ്ങളും പ്രകാരമാണെന്ന് സഭയെ അറിയിച്ചു. പൊന്നുംവില നഷ്ടപരിഹാരം നിശ്ചയിക്കുന്നത് കേരള സ്ഥലമെടുപ്പ് ചട്ടം 10 പ്രകാരം 4(1) വിജ്ഞാപന തീയതിക്കുമുമ്പ് 3 വർഷകാലയളവിൽ നടത്തിയിട്ടുള്ള യോഗ്യമായ വിലയാധാരങ്ങൾ, പൊന്നുംവില ഭൂമിയുടെ 5 കിലോമീറ്റർ ചുറ്റളവിൽപ്പെട്ട സമാന ഭൂമിയുടെ വിലയാധാരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണെന്നും 01.01.2014-ലെ പുതിയ നിയമപ്രകാരമുള്ള പൊന്നുംവില നടപടികൾക്ക് ആക്ടിലെ രണ്ടാം പട്ടികയിൽ നൽകിയിട്ടുള്ള പാക്കേജ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രത്യേക പ്രോജക്ടുകൾക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കൂടുതൽ ആനുകൂല്യം നൽകിക്കൊണ്ട് ഈ പാക്കേജിൽ ഏർപ്പെടാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സമീപ ഭൂമികളുടെ കമ്പോള വിലയ്ക്ക് യോജിക്കുന്ന വിലയാധാരങ്ങൾ മാത്രമേ വില നിശ്ചയിക്കുന്നതിനു പരിഗണിക്കുകയുള്ളൂ, ഇതോടൊപ്പം 30% സമാശ്വാസം, 12% അധികഭൂമി വില എന്നിവകൂടി നൽകുന്നു. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്തിട്ടുള്ള കേസ്സുകളിൽ വില സംബന്ധിച്ച പരാതിയുണ്ടെങ്കിൽ ആയത് സബ് കോടതിയിലേയ്ക്ക് റഫർ ചെയ്ത് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ അടിസ്ഥാന വില ഉയർത്താനാണ് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. അത്തരം കേസ്സുകളിൽ പലിശസഹിതം നഷ്ടപരിഹാരം ഉയർത്തി നൽകുന്നതാണ്. 2010-ലെ സ്റ്റാമ്പ് ആക്ടിനെ അടിസ്ഥാനപ്പെടുത്തി ന്യായവില നിശ്ചയിക്കുന്നതിന് ആർ.ഡി.ഒ. മാരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഇങ്ങനെ നിശ്ചയിക്കുന്ന ന്യായവിലയിൽ ആക്ഷേപം ബോധിപ്പിക്കാനുള്ള അഞ്ചുവർഷ കാലാവധി 2015-ഓടുകൂടി അവസാനിച്ചിരിക്കുകയാണ്. 01.01.2014 മുതൽ നിലവിലിരിക്കുന്ന അക്വിസിഷൻ നിയമമനുസരിച്ച് ഭാഗികമായോ ചെറിയ തോതിലോ വസ്തു നഷ്ടപ്പെടുന്ന ആളുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ആലോചിക്കുന്നതാണെന്നും നഷ്ടപരിഹാരം ലഭിക്കുന്നതിന് കോടതിയെ സമീപിക്കുന്നതിന് പകരം ലാന്റ് അക്വിസിഷൻ സെറ്റിൽമെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ഫയൽ ആഭ്യന്തരവകുപ്പിന്റെ പരിഗണനയിലാണെന്നും

കളിയിക്കാവിള റോഡ് വികസനത്തിന് പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള റീച്ചിൽ ലാന്റ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

47 (*543) ദുരന്ത ലഘൂകരണ പദ്ധതി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 09.09.2016-ലെ ഉത്തരവ് പ്രകാരം 'സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി' അംഗീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ദുരന്തസാധ്യതകളെ ലഘൂകരിക്കുന്നതിനായി ഭരണതലത്തിൽ തയ്യാറെടുപ്പുകൾ നടത്തുക; ദുരന്ത അതിജീവനത്തിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുക; ദുരന്ത പ്രതികരണ സംവിധാനങ്ങളും ദുരന്തശേഷി പുനരുദ്ധാരണ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെ ശക്തിപ്പെടുത്തുന്നതിന് ഇരുപത്തിയേഴിന പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ ഏകോപനത്തിനായി 15 പേരടങ്ങുന്ന ഒരു വെർച്വൽ കേഡർ (20 വർഷ സർവ്വീസ് ബാക്കിയുള്ള സന്നദ്ധ ഉദ്യോഗസ്ഥ സംഘം) രൂപീകരിക്കാനും പ്രസ്തുത കേഡറിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനം നൽകാൻ

ഉദ്ദേശിക്കുന്നുവെന്നും എല്ലാ വകുപ്പുകളും പദ്ധതി അടങ്കലിന്റെ 10% ദുരന്ത തയ്യാറെടുപ്പ്, പ്രതിരോധ/പ്രതികരണ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പ്രാദേശിക തലങ്ങളിൽ ദുരന്തപ്രതികരണ സേനയ്ക്ക് പരിശീലനം കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ദുരന്തത്തിനിരയാകുന്നവർക്ക് കേന്ദ്രഗവൺമെന്റ് നോംസ് അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി നഷ്ടപരിഹാരം അനുവദിക്കുന്നതെന്നും കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പണം അനുവദിക്കാറുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

<u>അടിയന്തര ചോദ്യം</u>

1 (2) <u>സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചക്കഞ്ഞി വിതരണം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഒന്നും രണ്ടും ക്വാർട്ടറുകളിലെ അരി വിതരണം പൂർത്തിയായിട്ടുണ്ടെന്നും മൂന്നും നാലും ക്വാർട്ടറുകളിലേക്ക് അരി വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ റീജിയണൽ ജനറൽ

മാനേജർ, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടതനുസരിച്ച് അരി വിതരണം നടന്നുവരുന്നതായും സഭയെ അറിയിച്ചു. ഉച്ചക്കഞ്ഞിക്കുള്ള അരിവിഹിതം വെട്ടിക്കുറച്ചിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4751 മുതൽ 4989 വരെയുള്ള ചോദ്യങ്ങളിൽ 70 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)